**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 134.**

**28.11.2018 ൽ മറുപടിക്ക്**

**തൃപ്പൂണിത്തുറയിലെ പോലീസ് റീജിയണൽ ഫോറൻസിക് ലാബ്**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) തൃപ്പൂണിത്തുറയിൽ പോലീസ് റീജിയണൽ ഫോറൻസിക് ലാബ് തുടങ്ങുന്നതിന് 2014-ൽ അനുമതി നൽകിയിട്ടുണ്ടോ; | (എ) | കൊച്ചിയിൽ റീജിയണൽ ഫോറൻസിക് ലാബ് തുടങ്ങുന്നതിന് 14.10.2014 ലെ സ.ഉ(കൈ)നം. 202/2014/ആഭ്യന്തരം പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| **(ബി)** പ്രസ്തുത ലാബിന്റെ കെട്ടിടം പണി പൂർത്തിയായിട്ടും ലാബ് പ്രവർത്തനക്ഷമമാക്കാത്തത് എന്തുകൊണ്ടാണ് എന്നറിയിക്കാമോ; | (ബി) | കൊച്ചിയിലെ റീജിയണൽ ഫോറൻസിക് ലാബോറട്ടറി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. പരിശോധനകൾ നടത്തുന്നതിലേയ്ക്കായി പ്രസ്തുത ലാബോറട്ടറിയിലെ പരീക്ഷണ ശാലകൾ സജ്ജീകരിക്കേണ്ടതായുണ്ട്. അതിനായുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. കൂടാതെ, ചുറ്റുമതിൽ, ഗേറ്റ്, ഗാർഡ് റൂം തുടങ്ങിയ അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| **(സി)** കേസുകളുടെ ബാഹുല്യം കാരണം ശാസ്ത്രീയ പരിശോധനാ ഫലം വൈകുന്ന സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (സി) | കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന്റെ ഭാഗമായി, തൃശ്ശൂർ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറി ഹൈടെക് ഫോറൻസിക് സയൻസ് ലബോറട്ടറിയായി ഉയർത്തുന്നതിനും പോലീസ് ജില്ലകളിലെ മൊബൈൽ ഫോറൻസിക് യൂണിറ്റുകൾ വിപുലീകരിക്കുന്നതിനും ഭരണാനുമതി നൽകിക്കൊണ്ടും ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും 20.07.2018 ലെ സ.ഉ(കൈ)നം. 120/2018/ആഭ്യന്തരം പ്രകാരം ഉത്തരവായിട്ടുണ്ട്. |
| **(ഡി)** എങ്കിൽ ഇവിടെ അനുവദിച്ച ലാബ് അടിയന്തരമായി പ്രവർത്തന സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ ? | (ഡി) | ലാബ് പ്രവർത്തന സജ്ജമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

Rajan(?)

**സെക്ഷൻ ഓഫീസർ**